# Little KITE'S

## ഗവ .ഹയർ  സെക്കൻഡറി സ്കൂൾ

കാപ്പിൽ

*e-magazine*

# മിഴികൾ



## *Inaguration of* **Little KITE'S club**

**ഉത്ഘാടനം - എം കെ യൂസഫ് (varkala block panchayth president)**





# മലയാളത്തിൽ ആദ്യം

| | | |
|---|---|---|
| പാട്ടുകൃതി | - | രാമചരിതം |
| തുള്ളൽകൃതി | - | കല്യാണ സൗഗന്ധികം (ശീതങ്കൻ തുള്ളൽ) |
| ഖണ്ഡകാവ്യം | - | വീണപൂവ് |
| ആന്മനിഷ്ഠഖണ്ഡകാവ്യം | - | മലയവിലാസം |
| മഹാകാവ്യം | - | രാമചന്ദ്രവിലാസം |
| ശുദ്ധമലയാളത്തിൽ രചിച്ച ആദ്യ മഹാകാവ്യം | - | കൃഷ്ണഗാഥ |
| സന്ദേശകാവ്യം | - | ഉണ്ണുനീലി സന്ദേശം |
| സംസ്കൃത സന്ദേശകാവ്യം | - | ശുകസന്ദേശം |
| ചെറുകഥ | - | വാസനാവികൃതി |
| ചമ്പു | - | ഉണ്ണിയച്ചി ചരിതം |
| ചരിത്രനോവൽ | - | മാർത്താണ്ഡവർമ്മ |
| റിയലിസ്റ്റിക് നോവൽ | - | ധൂമകേതുവിന്റെ ഉദയം |
| നോവൽ | - | കുന്ദലത |
| ലക്ഷണമൊത്ത നോവൽ | - | ഇന്ദുലേഖ |
| മിസ്റ്റിക് നോവൽ | - | എന്റെ ഗീത |
| കുറ്റാന്വേഷണ നോവൽ | - | ഭാസ്കരമേനോൻ |
| സൈബർ നോവൽ | - | നൃത്തം |
| ഓഡിയോ നോവൽ | - | ഇതാണെന്റെ പേര് |
| വനിതാ നോവൽ | - | ശ്രീശക്തിമയി/ ആപൽക്കരമായ മാല |
| പിക്കാറസ്റ്റ് നോവൽ | - | വിരുതൻ ശങ്കു |
| യാത്രാവിവരണം | - | വർത്തമാനപുസ്തകം (റോമായാത്ര) |
| ആക്ഷേപഹാസ്യം | - | പറങ്ങോടി പരിണയം |
| തനതുനാടകം | - | കലി |
| ഏകാങ്ക നാടകം | - | മുന്നോട്ടുവീരൻ |
| സ്വതന്ത്ര്യ ഗദ്യനാടകം | - | മറിയാമ്മനാടകം |
| രാഷ്ട്രീയ നാടകം | - | പാട്ടബാക്കി |
| ചവിട്ടുനാടകം | - | കാറൽമാൻ ചരിതം |


ഗ്രീഷ്മ പി. ബി.
V B

# *പഴഞ്ചൊല്ലുകൾ*

1

1. അടച്ച വായില് ഈച്ച കയറില്ല
2. അധികമായാൽ അമൃതും വിഷം
3. അട്ടയെ കുളിപ്പിച്ച് മെത്തയിൽ കിടത്തുക
4. അത്താണി ക ണ്ട ചുമട്ടുകാരനെപ്പോലെ
5. അപായം വന്നാൽ ഉപായം വേണം
6. അസത്യത്തിന് കാലില്ല
7. ആനയ്ക്ക് ശത്രു ആന തന്നെ
8. ആറിയ കഞ്ഞി പഴങ്കഞ്ഞി
9. ആറു ചെവി കേട്ടാൽ പാട്ടാകും
10. ആറ്റിൽ കളഞ്ഞാലും അളന്നു കഴയണം
11. ആരുമില്ലാത്തവർക്ക് ദൈവം തുണ
12. ഉമി തിന്ന് അരി തേടി
13. ഉപ്പുതിന്നുന്നവൻ വെള്ളം കുടിക്കും
14. ഒന്നിൽ പിഴച്ചാൽ മൂന്നിൽ
15. ഒരു കുന്നിനൊരു കുഴി
16. ഓട്ടസഞ്ചിയിൽ പണമിടുക
17. ഒരു വെടിക്ക് രണ്ട് പക്ഷി
18. കണക്കു കള്ളം പറയില്ല
19. കണ്ണിന് കണ്ണ്, പല്ലിന് പല്ല്
20. കള്ളപ്പണം കിട്ടിയാൽ കുഴിച്ച് മൂടണം.

*സജ്ന എസ്*

VIII A

# <u>*പഴഞ്ചൊല്ലുകൾ*</u>

**2**

1. അകലത്തെ ബന്ധുവിനേക്കാൾ നല്ലത് അയലത്തെ ശത്രു തന്നെ
2.അടയ്ക്കയാണെങ്കിൽമടിയിൽവയ്ക്കാംഅടയ്ക്കാമരമായാലോ?
3. ആടറിയുമോ അങ്ങാടി വാണിഭം
4. അണ്ണാൻ കുഞ്ഞും തന്നാലായത്
5. ആന കൊടുത്താലും ആശ കൊടുക്കരുത്
6. അമ്മയ്ക്ക് പ്രാണവേദന; മകൾക്ക് വീണ വായന
7. ആകെ മുങ്ങിയാൽ കുളിരില്ല
8. അഴകുള്ള ചക്കയിൽ ചുളയില്ല
9. അളയിൽ ചവിട്ടിയാൽ ചേരയും കടിക്കും
10. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?
11. ആവശ്യങ്ങളാണ് സൃഷ്ടിയുടെ മാതാവ്
12. ആറിയ കഞ്ഞി പഴങ്കഞ്ഞി
13. ആർക്കാനും വേണ്ടി ഓക്കാനിക്കുക
14. ഇരയിട്ട് മീൻ പിടിക്കുക.

**പൂജ സുരേഷ്**

## <u>*പഴഞ്ചൊല്ലുകൾ*</u>

**3**

1. അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല
2. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
3. അടി തെറ്റിയാൽ ആനയും വീഴും
4. അണ്ണാൻ കുഞ്ഞും തന്നാലായത്
5. അധികമായാൽ അമൃതും വിഷം
6. ആടറിയുമോ അങ്ങാടി വാണിഭം
7. അഴകുള്ള ചക്കയിൽ ചുളയില്ല
8. ആകെ മുങ്ങിയാൽ കുളിരില്ല
9. അറയിലാടിയേ അരങ്ങാടാവൂ
10. ആന കൊടുത്താലും ആശ കൊടുക്കരുത്
11. ആവശ്യങ്ങളാണ് സൃഷ്ടിയുടെ മാതാവ്
12. ആളേറിയാൽ പാമ്പ് ചാവില്ല
13. ആറിയ കഞ്ഞി പഴങ്കഞ്ഞി

14. ആർക്കാനും വേണ്ടി ഓക്കാനിക്കുക.
15. ഇക്കരെ നിന്നാൽ അക്കരെ പച്ച
16. ഇരയിട്ടു മീൻ പിടിക്കുക
17. ഇരിക്കും കൊമ്പ് മുറിക്കരുത്
18. ഇരിക്കാനിടം കിട്ടിയാൽ കിടക്കരുത്
19. തത്തമ്മേ പൂച്ച പൂച്ച
20. ചവിട്ടിയാൽ കടിക്കാത്ത പാമ്പോ?

**സാന്ദ്ര.എസ്.നായർ**

**VI A**

# ***കടംകഥകൾ***

**1**

അകത്തറുത്താൽ പുറത്തറിയും?

ചക്കപ്പഴം

അകത്ത് തിരിതെറുത്ത് പുറത്ത് മുട്ടയിട്ട്

കുരുമുളക്

അങ്ങ് കിടക്കുന്ന മന്തൻ കാളയ്ക്ക് എത്ര നീ ണ്ട മുടികയറ്

മത്തൻ

അച്ഛനൊരു കാളയെ വാങ്ങി പിടിക്കാൻ ചെന്നപ്പോൾ കൊമ്പില്ല?

ഒച്ച്

അഞ്ച് പക്ഷി കൂടി ഒരു മുട്ടയിട്ടു?

കൈയ്യിൽ ചോറുരുള

അടി മദ്ദളം, ഇല ചുക്കിരി, കായ് കൊക്കിരി

പുളിമരം

അടിപാറ, നടുവടി, മീതേ കുട

ചേന

അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന കുഞ്ഞാനാശാരിയുടെ പേര് പറഞ്ഞാൽ നാട് തരാം, നഗരി തരാം രാജാവിന്റെ മകളെ തരാം? ആമ

**സാന്ദ്ര.എസ്.നായർ**

VI A

## *കടംകഥകൾ*
## *2*

| | |
|---|---|
| അമ്മയെകുത്തി മകൻ മരിച്ചു | തീപ്പെട്ടി |
| അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണ പന്തലിലും | വാഴയും വാഴപ്പഴവും |
| അമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം | കട്ടുറുമ്പ് |
| ഇല്ലിമേലായിരം പല്ലി മുട്ട | നെല്ലിക്ക |
| ഈച്ചയരിക്കാത്ത ഇറച്ചി | തീക്കട്ട |
| ഇലപായപോലെ, തടി തൂണുപോലെ | വാഴ |
| കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ് | സൂചി |
| കാള കിടക്കും കയറോടും | മത്തങ്ങ |
| ചത്താലെ മിുള്ളൂ ചങ്കച്ചാര് | ശംഖ് |
| ചെറിയ ബലൂണിൽ നിറയെ ചെറിയരി | വഴുതനങ്ങ |
| ഞെട്ടില്ലാ വട്ടയില | പപ്പടം |
| തലയില്ലാ, കണ്ണു്, വയറൊരു പത്തായം | ഞ് |
| നൂട്ടക്കൽ നുറുക്കരി | ചിതൽ |
| വാലില്ലാത്തമ്മയ്ക്ക് വാലുള്ള മക്കൾ | തവള |
| ര് സുന്ദരികൾ ഒരുമിച്ചേ കരയൂ | കണ്ണ് |
| രമ്മയ്ക്ക് കൂടി ഒരു തലയിണ | വരമ്പ് |
| വായില്ലാത്ത കുടത്തിൽ ര് കറി | മുട്ട |
| വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ ഓടും | സൈക്കിൾ |
| വട്ടം വട്ടം വളയിട്ടും നെട്ടം നെട്ടം വളരുന്നു | കവുങ്ങ് |
| വെള്ളമു് വെളിച്ചമു് തോടുമു് കാടുമു് | തേങ്ങ |
| വെളുത്ത സായിപ്പിന് കറുത്ത തൊപ്പി | തീപ്പെട്ടിക്കൊള്ളി |
| വയറൊന്ന് വായ ര്, വയറ്റിൽ നിറയെ മക്കൾ | തീപ്പെട്ടി |
| ര് ഗുഹയ്ക്കും കൂടി ഒരു പാലം | മൂക്ക് |
| പൂക്കില്ല, കായ്ക്കില്ല വെട്ടിയാൽ തളിർക്കും | തലമുടി |
| പാൽമൊന്തയിൽ കരിമീൻ | കണ്ണ് |
| പാൽക്കിണ്ണത്തിൽ പളുങ്കുമണി | കണ്ണ് |
| പച്ചയ്ക്കെരിക്കും വെന്താൽ മധുരം | ഉള്ളി |
| ചെപ്പു നിറച്ച് പച്ചയിറച്ചി | കക്ക |
| പൂവിലു് ചെടിയിലില്ല, പച്ചയ്ക്കൊരുകെട്ട്, ചുട്ടാലൊരുകൊട്ട | പപ്പടം |
| മലയിലെ അമ്മയ്ക്ക് നെറുകയിൽ പൂവ് | കൈതച്ചക്ക |
| മണിയടിച്ചാൽ മലമ്പാമ്പ് ഓടും | തീവി |
| മരത്തിന് മുകളിൽ പാർക്കും പക്ഷിയല്ല വെള്ളമു് മേഘമല്ല തോലു് ബ്രഹ്മചാരിയല്ല്, മുക്കണ്ണു് ശിവനല്ല | തേങ്ങ |
| മൂക്ക് മൂന്ന് നാക്ക് നാല് നടകാല് പത്ത് | കന്നുപൂട്ടുക |
| ശാശാശീശൂ രാെച്ച എടുത്തുനോക്കി നൂറോട്ട | ദോശ |
| വാലുകൊു കുടപിടിച്ചു | മയിൽ |
| വടിയെടുത്താലോടും കാള | വഞ്ചി |
| ഇന്നാളുകാരു വെള്ളിക്കിണ്ണം ഇന്നൊരു തേങ്ങാപ്പൂള് പോലെ | ചന്ദ്രക്കല |
| അമ്പാടിയിലുണ്ട് അയോദ്ധ്യയിലില്ല കാറ്റത്തുണ്ട് മഴയത്തില്ല പറയൂ പറയൂ ഞാനാര് | പൂമ്പാറ്റ |
| മൂന്ന് കണ്ണ്, ഒന്നേ തുറക്കൂ അതിൽ കൂടി കരയാനേ കഴിയൂ കാണാൻ വയ്യ | തേങ്ങ |

**അപർണ എസ്.**

VIII A

# കഥകൾ

## തേനീച്ചയുണ്ട് സൂക്ഷിക്കുക

ചിന്നൻ ചുണ്ടെലി മോഹിച്ച് മോഹിച്ച് ഒരു പൂന്തോട്ടമുണ്ടാക്കി. എന്തെല്ലാം ചെടികളാണെന്നോ അതിൽ. റോസ്, മുല്ല, പിച്ചകം.. കണ്ടാൽ ആരും കൊതിച്ചുപോകും. വേലി കെട്ടാനുള്ള സാധനങ്ങൾ വാങ്ങാൻ ചിന്നൻ ചന്തയിലേക്ക് പോയി. ആ തക്കം നോക്കി അയലത്തെ വീട്ടിലെ പെൺകുട്ടികൾ തോട്ടത്തിൽ കടന്നു. ചിന്നൻ വന്ന് നോക്കിയപ്പോഴോ ? പൂക്കൾ പാതിയും പിള്ളേരറുത്തിരിക്കുന്നു. അവന് ദേഷ്യം വന്നു. തന്റെ തോട്ടത്തിലെ പൂക്കൾ ആരോട് ചോദിച്ചിട്ടാണ് അവർ പിച്ചിയത്. ഇതിനൊരു വഴി കണ്ടേ പറ്റൂ. വേലി കെട്ടിയാലും എങ്ങനെയെങ്കിലും അവർ അകത്ത് കയറും. എന്താണൊരു മാർഗ്ഗം? അവൻ തലപുകഞ്ഞാലോചിച്ചു. ഒടുവിൽ തന്റെ സുഹൃത്തായ കറുമ്പികാക്കയെ ചെന്നുകാണാൻ തീരുമാനിച്ചു. വിവരം അറിഞ്ഞ കറുമ്പി  പറഞ്ഞു. വിഷമിക്കേണ്ട. എന്റെ സുഹൃത്ത് മൂളൻ തേനീച്ചയും സംഘവും ഒരു കൂടുകൂട്ടാനുള്ള ശ്രമത്തിലാണിപ്പോൾ. പറ്റിയ സ്ഥലം അന്വേഷിച്ച് നടക്കുകയാണ്. നിന്റെ പൂന്തോട്ടത്തിലെ മരത്തിൽ കൂടുകൂട്ടാൻ പറയാം. പൂന്തോട്ടത്തിനുള്ളിൽ കയറുന്നവരെ അവർ ആക്രമിച്ച് ഓടിച്ചുകൊള്ളും.


കാക്കച്ചിയുടെ മറുപടി ചിന്നന് ഇഷ്ടപ്പെട്ടു. അവൻ മൂളൻ തേനീച്ചയെ പോയിക്കണ്ട് വിവരം പറഞ്ഞു. അങ്ങനെ മൂളനും സംഘവും ചിന്നന്റെ തോട്ടത്തിൽ ഒരു മരത്തിൽ കൂടുകൂട്ടി. പൂന്തോട്ടത്തിന് ചുറ്റും ചിന്നൻ വേലിയും കെട്ടി. മുന്നിൽ ഒരു ബോർഡും സ്ഥാപിച്ചു. 'തേനീച്ചയുണ്ട് സൂക്ഷിക്കുക'.

പിറ്റേ ദിവസം ചിന്നനില്ലാത്ത തക്കം നോക്കി അയലത്തെ വീട്ടിലെ പെൺകുട്ടികൾ വീണ്ടും പൂക്കൾ പറിക്കാൻ തോട്ടത്തിലെത്തി. ബോർഡ് കണ്ടെങ്കിലും അവർ അത് കാര്യമാക്കിയില്ല. അവരെ പറ്റിക്കാനുള്ള ചിന്നന്റെ സൂത്രമാണെന്ന് അവർ വിചാരിച്ചു. വേലി തുറന്നപ്പോഴേക്കും തേനീച്ചയും സംഘവും മൂളിക്കൊണ്ട് പാഞ്ഞെത്തി. പെൺകുട്ടികൾ ജീവനും കൊണ്ടോടി. അതിനുശേഷം ചിന്നന്റെ പൂന്തോട്ടത്തിൽ ആരും കയറിയിട്ടില്ല. പൂന്തോട്ടത്തിന്റെ ഭംഗി എല്ലാവരും പുറത്ത് നിന്ന് ആസ്വദിച്ചു. ചിന്നന് സന്തോഷമായി. ചിന്നൻ പിന്നീട് പുതിയ ചെടികൾ വച്ച് പിടിപ്പിക്കാൻ തുടങ്ങി.

സമർപ്പിച്ചത്.

നിധി കൃഷ്ണ. എസ്.

VII A



# Vishnu s   IX B

## മുത്തശ്ശി

ഒരിടത്ത് ഒരിടത്ത് സ്നേഹനിധിയായ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. വാത്സല്യനിധിയായ അവർക്ക് സ്നേഹിക്കാനോ അവരെ സ്നേഹിക്കാനോ ആരും ഇല്ലായിരുന്നു. ഒരു ദിവസം നല്ല മഴയായിരുന്നു. ആ

കുഞ്ഞുവീടിനുള്ളിൽ മുത്തശ്ശി തണുത്ത് വിറയ്ക്കുന്നുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ മുത്തശ്ശി വീടിന് പുറത്തേക്കിറങ്ങി നോക്കിയപ്പോൾ ചുറ്റും ജലം തങ്ങി നിൽക്കുന്നു. മഴ കുറഞ്ഞിട്ടും ജലം താഴ്ന്നുപോയില്ല. മുത്തശ്ശി നോക്കിയപ്പോൾ ഒരു കുഞ്ഞനുറുമ്പ് ജലത്തിൽ കിടക്കുന്നു. ആ ഉറുമ്പ് രക്ഷപെടാൻ ശ്രമിച്ചിട്ടും കഴിഞ്ഞില്ല. സ്നേഹനിധിയായ മുത്തശ്ശി ജലത്തിൽ കൂടി ഒഴുകി വന്ന ഇലയെടുത്ത് ഉറുമ്പിനെ രക്ഷപെടുത്തി. സ്നേഹനിധിയായ മുത്തശ്ശിയ്ക്ക് സ്നേഹിക്കാൻ കിട്ടിയത് ഒരു കുഞ്ഞനുറുമ്പിനെയാണ്. മുത്തശ്ശിയുടെ ജീവിതം ഇനി എപ്പോഴും ഒറ്റയ്ക്ക് തന്നെയായിരിക്കും. പാവം മുത്തശ്ശി.!


**ആദിത്യ. യു. എസ്**
VIII A

## നന്മയും തിന്മയും

ഒരിക്കൽ ഒരടുത്ത് രണ്ട് പെൺകുട്ടികൾ ഉണ്ടായിരുന്നു. ഒരാൾ പണക്കാരിയായ ദിവ്യയും മറ്റേയാൾ പാവപ്പെട്ട അനുവും. രണ്ടുപേരും ഒരേ ഗ്രാമത്തിൽ കളിച്ചു വളർന്നവരാണ്. അങ്ങനെ അവർ സ്കൂൾ തുറന്ന് മഴയത്ത് പോകുകയായിരുന്നു. പണക്കാരിയായ ദിവ്യ പുതിയ കുടയും പുത്തൻ വസ്ത്രവും അണിഞ്ഞ് വരുകയായിരുന്നു. എന്നാൽ പാവപ്പെട്ടവളായ അനു പുത്തൻ ഉടുപ്പുമൊന്നും ധരിക്കാതെയാണ് വരുന്നത്. പക്ഷേ ദിവ്യ പഠിക്കാൻ പുറകിലായിരുന്നു. എന്നാൽ അനു എല്ലാത്തിനും നല്ല മാർക്കോടെ വിജയിക്കുമായിരുന്നു. അങ്ങനെ ഇവർ വളർന്ന് വലുതായി. അനു ഒരു ഡോക്ടറായി. ദിവ്യ ഒരിക്കൽ ആശുപത്രിയിൽ വന്നപ്പോൾ അനു ഡോക്ടറായി ഇരിക്കുന്നു. അപ്പോൾ ദിവ്യ ചോദിച്ചു. ഞാൻ അന്ന നിന്നെപ്പോലെ നന്നായി പഠിച്ചിരുന്നെങ്കിൽ നിന്നെ പോലെ പഠിച്ച് എനിക്കും ഈ നിലയിൽ എത്താമായിരുന്നു. നീ ആ കഷ്ടപ്പാടിൽ നിന്ന് വളർന്നതുകൊണ്ട് ഈ നിലയിൽ എത്തി അഹങ്കാരം കാണിക്കാതെ വളരുക പഠിച്ച് ഒരു നിലയിൽ എത്തുക അതാണ് നമ്മളുടെ ഉത്തരവാദിത്വം

**ആദിത്യ എസ്. സുനിൽ**

**VIII A**



# കവിതകൾ

## വേനൽ മഴ

കടുംവേനൽ എത്തി കഴിഞ്ഞല്ലോ ദേവീ
പുഴകളും കായലും വറ്റി കരിഞ്ഞേ വരു-
മോനീ വരുമോ വേനൽ മഴയേ
വേനൽ മഴയേ നീ എന്നുവരും
വരണ്ടുണങ്ങി കിടക്കും പുഴകളും
കരിഞ്ഞുണങ്ങി കിടക്കുന്ന കാടും ദേവി
നീകാണുന്നുവോ ഇതെല്ലാം
കാണുന്നുവോ ദേവി നീ
വേനൽ മഴയേ കാത്തുനിൽക്കുന്ന
നിൻ മക്കളെ നീ കാണുന്നുവോ
കടുംവേനൽ എത്തി കഴിഞ്ഞല്ലോ ദേവി
പുഴകളും കായലും വറ്റികരിഞ്ഞേ

**സോജ സജീവ്**

VII A

## കുഞ്ചൻ നമ്പ്യാരുടെ കവിതകൾ

"കുറിയരിവച്ചു വെളുത്തൊരു ചോറും
കറികളുമാശു വിളമ്പി നിരന്നു
നറുനെയ് ശർക്കര നേന്ത്രപ്പഴവും
ചെറുപപ്പടമൊരു പത്തിരുന്നൂറും
ആനച്ചുവടൻ പപ്പടമൊരുവക
തേനും നല്ലൊരു പഞ്ചാരപ്പൊടി"

"സാദരമേവം പറഞ്ഞുമയൻ ഗുരു
പാദസരോജങ്ങളോർത്തുടനേ,
വേദിയന്മാരെവണങ്ങി മുദാ നാലു
വേദങ്ങളെയും നമസ്കരിച്ചു
കോടാലി കൈയിലെടുത്തുമെല്ലെയൊട്ടും
കോടാതെ തഞ്ചത്തിൽ താണുനിന്നു"

**ഫർഹാന നിസാർ. ആർ**

**XA**

## അഞ്ചിതൾ പൂവ്

സൂര്യനെ സ്നേഹിച്ച അഞ്ചിതൾ പൂവിന്റെ
നൊമ്പരം ആരും അറിഞ്ഞില്ല
വെയിലേറ്റു വാടുമ്പോഴും.....
തളരാതേ വീും സൂര്യനെ നോക്കി നിന്നു അവൾ
ഇതൾ ഓരോന്നായി പൊഴിയുമ്പോഴും
സ്നേഹത്തിനൊട്ടും കുറവില്ല...
പൂവിനെ നോക്കാതെ സൂര്യനകലുന്നു
കൂരിരുൾ വന്നു നിറയുന്നു
വീും പ്രഭാതത്തിൽ പൂവുണർന്നീടുന്നു
സൂര്യൻ മാനത്തുദിക്കുന്നു
നാലിതൽ പൂവായ് മാറുന്ന നേരത്തും
സൂര്യനെ മാത്രം സ്നേഹിക്കുന്നു
പൂവ് കരിഞ്ഞു പാഴ്മണ്ണിൽ വീഴുന്നു
അരുണൻ പുഞ്ചിരി തൂകുന്നു
പൂവിന്റെ സ്നേഹം അറിയാതെ സൂര്യൻ
വീും മാനത്തുദിക്കുന്നു.

**അഭിരാമി. എ. XA**

## ബാല്യകാലവേദനകൾ

ഒറ്റക്കിരിക്കുന്ന നേരത്ത് എൻ മനം പൊട്ടിക്കരയാറുേ

മിനുസമാം ബാല്യത്തെ കുത്തിനോവിക്കുന്ന ഒരുപാട്
വേദനകൾ ഉ...(2) (ഒറ്റക്കിരിക്കുന്ന)
മറഞ്ഞുപോകുന്നോരാ നിദ്രയെ ഞാനിന്നു തഴുകി-
യുണർത്തുന്നുമെല്ലെ....
തരളമാ കാറ്റിനെ തഴുകിയുണർത്തുന്നൊരാ
മഴയോടെനിക്കിന്ന് സ്നേഹം...(2) (ഒറ്റക്കിരിക്കുന്ന..)
മൃദുലമാം സ്നേഹത്തെ കാറ്റിൽ പറത്തുന്നവരോടെ-
നിക്കിന്ന് കോപം
അവരോടെനിക്കിന്ന് കോപം
ഭൂമിയെ പുൽകി ഉണർത്തുന്ന പ്രകൃതിയോടെ
നിക്കിന്ന് സ്നേഹം ....(2) (ഒറ്റക്കിരിക്കുന്ന)
വേദനകൂടാരമായൊരാ ബാല്യത്തെ പാടി ഉറക്കുന്നുമെല്ലെ....
വേദനിപ്പിക്കാത്തൊരമ്മതൻ സ്നേഹത്തെ
കാത്തുസൂക്ഷിക്കുന്നുമെല്ലെ.....(2) (ഒറ്റക്കിരിക്കുന്ന)

**ആതിര. യു.**

**VIII A**

## അമ്മ

വെണ്ണയുണ്ണു കുഞ്ഞേ നീ വെണ്ണയുണ്ണു നീ
അമ്മ തന്ന പാലിന്റെ നന്മയുിതിൽ (2)
കണ്ണടച്ചു പാൽ കുടിക്കും പൂച്ച കുഞ്ഞുപോൽ;
കണ്ണിമ ചിമ്മാതെ അമ്മ നൽകിടാം
കാറ്റടിക്കുന്നൊരു ഒച്ച പോലും വന്നിടുകില്ല;
കാറ്റാടി പമ്പരങ്ങൾ അമ്മ നൽകിടാം (വെണ്ണ..)
ആൽമരത്തിലൊരാമ്പൽ വള്ളിയിൽ ഊഞ്ഞാലിട്ടു തരാം
അന്തിമയങ്ങണ നേരത്തമ്മ ചാച്ചിയുറക്കിടാം
ഒക്കത്തിരുത്തി ഞാൻ ആകാശദൂരത്ത് കൈനീട്ടി കഥപറയാം.
ഒറ്റണ കൊു ഞാൻ താഴത്തു വെച്ചിട്ടു ഒന്നു
കറക്കി തരാം
അത്തരം കാഴ്ചകൾ കാണുമ്പോൾ കുഞ്ഞിന്റെ ചുത്തു പൂവിരിയും
വെണ്ണയുണ്ണു കുഞ്ഞേ എൻ കണ്ണനല്ലേ നീ,
അമ്മ തന്ന പാലിന്റെ നന്മയുതിൽ

**അഭിരാമി. പി. വി.** VIII A

## മുല്ലപ്പൂക്കൾ

നീലഗഗനത്തിൽ ലാലസിക്കും
താരകത്താരുകളെന്ന പോലെ
അന്തിക്കു പാടിയിൽപുഞ്ചിരിക്കും
മുല്ലമലരുകൾക്കെന്തു ഭംഗി!
കണ്ണുമയക്കും നിറപ്പകിട്ടും
നല്ല മധുവും സുഗന്ധവായ്പും
ഉള്ള സുമങ്ങളനേകമുി
ങ്ങെന്നാലും മുല്ലയ്ക്കുതുല്യമല്ല!
ആത്മവിശുദ്ധിതൻ വെൺമ പൂശി
അല്ലിലും പുഞ്ചിരിച്ചാറൊഴുക്കി
ലാലസിച്ചീടും മലരുകളേ
മാനസം നിങ്ങൾ കവർന്നെടുത്തൂ.!

**ആദിത്യ സുനിൽ ജി.**

VB

## യാത്രാവിവരണം

ഞാൻ സ്കൂളിൽ നിന്ന് വിനോദയാത്രയ്ക്ക് പോയി. 8 മണിക്കായിരുന്നു ബസ്സ്. ഞങ്ങൾ ബസ്സിൽ കയറി പാട്ടുകൾ പാടി. ആദ്യം ഞങ്ങൾ പോയത് പാലരുവി വെള്ളച്ചാട്ടത്തിൽ ആയിരുന്നു. അവിടെ തന്നെ പ ാർക്ക് ഉായിരുന്നു. അതിൽ ഞങ്ങൾ കളിച്ചു. ഊഞ്ഞാലാടി നല്ല രസമായിരുന്നു. പിന്നെ ഞങ്ങൾ പോയത് നെയ്യാർ ഡാമിലായിരുന്നു. നെയ്യാർ ഡാമിലെ ഷട്ടറുകളിൽ നിന്ന് വെള്ളം പോകുന്നത് കാണാൻ നല്ല രസമായിരുന്നു. അതുവഴി തന്നെ ഞങ്ങൾ ചീങ്കണ്ണിപ്പാറയിൽ പോയി. ഒരു പ ാട് മുതലകളെയും പാമ്പുകളേയും കു. ഞങ്ങൾ യാത്ര തിരിച്ചു വീട്ടിലെത്തി. ഈ രസകരമായ യാത്രയും മനോഹരമായ കാഴ്ചകളും എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല.

**സാന്ദ്ര. എസ്. നായർ**



**Nikhil MT**

## ഞാൻ കണ്ട തേക്കടി

ഈ വർഷത്തെ പഠനയാത്ര തേക്കടിയിലേക്കാണ് നടത്തിയത്. ജനുവരി മാസം 29-ാം തീയതി രാവിലെ 8.30നാണ് കരുനിലക്കോട് നിന്ന് ഞങ്ങൾ യാത്ര തിരിച്ചത്. ഞങ്ങളുടെ യാത്രാസംഘത്തിൽ 35 പേരുണ്ടായിരുന്നു. പ്രശോഭന ട്രാവൽസിലാണ് ഞങ്ങൾ യാത്ര തിരിച്ചത്.

പ്രാർത്ഥനയ്ക്കുശേഷം ഞങ്ങൾ യാത്ര തുടങ്ങി. ബസ്സിനുള്ളിൽ സുഖകരമായ ഇരിപ്പും ടി. വി. ഉള്ളതിനാൽ സിനിമയും കാണാം. ഞാനും

എന്റെ കൂട്ടുകാരികളും ചേർന്ന് ഒരു കവിത അവതരിപ്പിച്ചു. 1.30 ആയപ്പോൾ ഞങ്ങൾ മൂവാറ്റുപുഴയെത്തി. ഒരു ഹോട്ടലിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ചു. ഉച്ചയായതിനാൽ മിക്കവരും ഉറങ്ങി.

ഞങ്ങളുടെ ബസ് തേക്കടിയിലേക്ക് പോകുന്ന വഴിക്ക് ഇരുവശവും വലിയ കാടുകൾ!. കാടുകളിൽ ധാരാളം ഏലച്ചെടിയും വൻ വൃക്ഷങ്ങളും. വഴിയിൽ കുരങ്ങന്മാർ വികൃതി കാട്ടുന്നു. വേഗം പോയി ബോട്ട് യാത്രയ്ക്കുള്ള ടിക്കറ്റെടുത്തു. ഞങ്ങൾ ബോട്ടിൽ കയറി. ബോട്ട് സ്റ്റാർട്ട് ചെയ്തു.

പെരിയാർ തടാകം അതിന്റെ മനോഹാരിത കാണേതുതന്നെ. തടാകത്തിൽ ഇടയ്ക്കിടയ്ക്ക് മരക്കുറ്റികൾ. ഓരോ മരത്തിലും പക്ഷികൾ കൂടുകെട്ടി താമസിക്കുന്നു. ചിറകുവിടർത്തി പറക്കുവാനൊരുങ്ങുന്ന അവയെ കാണാൻ എന്തുരസം. പലരും ഫോട്ടോയെടുത്തു. തടാകത്തിന്റെ കരയിൽ ധാരാളം നീർ നായകൾ. അവ കുത്തി മറിയുകയാണ്.

അതാ ഒരു കാട്ടാനക്കൂട്ടം. അവ വെള്ളം കുടിക്കാനിറങ്ങിയതാണ്. ശബ്ദം കേട്ടാൽ അവ ഓടിപ്പോകും. അതാണ് ബോട്ടിന്റെ ശബ്ദം കുറച്ചത്. അതാ ഒരു കുഞ്ഞനാന. അവൻ നടക്കാത്തതിനാൽ അതിലും മൂത്തവൻ പ ിറകിൽ വന്ന് ഇടിച്ച് തള്ളുകയാണ്. അപ്പോൾ ഒരടി നടക്കും. പിന്നെ നിൽക്കും. അമ്മയാന തന്റെ തുമ്പിക്കൈ കൊ് അവനെ വലിച്ചിറക്കി വെള്ളം കുടിപ്പിച്ചു. മനുഷ്യകുഞ്ഞുങ്ങളുടെ വികൃതി പോലെ തന്നെ.

എല്ലാവരും തേയിലയും ഏലയ്ക്കയും കമ്പിളി വസ്ത്രങ്ങളും വാങ്ങിക്കൂട്ടി. ഷോപ്പിംഗിനും ഊണിനും ശേഷം 2 മണിയോടുകൂടി മടക്കയാത്ര തുടങ്ങി. ഇടുക്കി മലനിരകളുടെ മനോഹാരിതയും ഹെയർപിൻ വളവുകളുടെ ചാരുതയും മടക്കയാത്രയിലാണ് ഞങ്ങൾ കത്. രാത്രി 10 മണിയോടുകൂടി ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി.

**നിധികൃഷ്ണ.എസ്.** VII A

## <u>ഉപന്യാസം</u>

### <u>പരിസ്ഥിതി മലിനീകരണവും അന്തരീക്ഷ മലിനീകരണവും</u>

പരിസ്ഥിതി മലിനീകരണം മൂന്നുതരമാണ്. വായു മലിനീകരണം, ജലമലിനീകരണം, ശബ്ദമലിനീകരണം. വലിയ വലിയ ഫാക്ടറികൾ സ്ഥാപിക്കുകയും നൂറുകണക്കിന് ആളുകൾ പണിയെടുക്കുകയും

ചെയ്യുമ്പോൾ കരിയും പുകയും മറ്റ് മാലിന്യങ്ങളുമാണ് വായുവിലേക്ക് പ കർത്തി വിടുന്നത്. ഇത് ശുദ്ധമായ ഓക്സിജൻ കിട്ടാത്ത ഒരു അവസ്ഥയിലേക്ക് എത്തിച്ചേർന്നാൽ നമ്മളും മറ്റ് ജീവജാലങ്ങളുമെല്ലാം ശ്വാസം മുട്ടി മരിക്കേി വരും. മറ്റൊരു മലിനീകരണാവസ്ഥയാണ് ജലമലിനീകരണത്തിലുടെ നാം അനുഭവിക്കാൻ പോകുന്നത്. നദീതീരങ്ങളിലും അല്ലാതെയും ധാരാളം വ്യവസായ ശാലകൾ പ്രവർത്തിക്കുന്നു. ഇതിൽ നിന്നെല്ലാം പുറത്തേക്ക് ഒഴുകന്ന മാലിന്യങ്ങൾ കിണർ, കുളം , പുഴ എന്നിവിടങ്ങിലേക്ക് എത്തിച്ചേരുന്നു. മലിനമായ വെള്ളം മറ്റ് വസ്തുക്കളേയും മലിനമാക്കുന്നു. ഇതിലേറെ ദോഷമാണ് കെട്ടികിടക്കുന്ന വെള്ളം. അത് കൊതുകിന് മുട്ടയിട്ട് പെരുകാനുള്ള സാഹചര്യം ഉാക്കുന്നു. അതോടൊപ്പം മലമ്പനിയും. മനസ്സിന് സമാധാനവും ശാന്തിയും ആഗ്രഹിക്കുന്ന നമുക്ക് ശബ്ദമലിനീകരണം ഒരു വലിയ ഭീഷണിയാണ്. യന്ത്രങ്ങളുടെ ശബ്ദകോലാഹലത്തിനുപുറമേ രാഷ്ട്രീയ പാർട്ടികളുടെ ഘോഷയാത്രയും  നമ്മുടെ നാട്ടിലു്. മീറ്റിങ്ങുകൾക്കോ പ്രസംഗങ്ങൾക്കും ഉച്ചഭാഷിണി നിർബന്ധമാണെന്നു പറയുന്നു. ഇതിന്റെയൊക്കെ പരിണിതഫലം നമുക്ക് ചെവി കേൾക്കാതാവുകയാവാം. ജീവജാലങ്ങളുടെ മുഴുവൻ പ്രാണവായുവാണ് ഓക്സിജൻ. ഈ ഓക്സിജൻ അന്തരീക്ഷ വായുവിൽ വളരെ കുറച്ച് അളവ് മാത്രമേയുള്ളൂ. അതായത്. വെറും 4% മാത്രം. അതാണ് ജീവജാലങ്ങൾ ശ്വസിക്കാൻ ഉപയോഗിക്കുന്നത്. അടുപ്പുകളുടെ എണ്ണം കൂടുേ ന്താറും കാർബൺ ഡൈ ഓക്സൈഡിന്റെ അളവും കൂടുന്നു. ചക്രങ്ങൾ ഉരുളുമ്പോൾ ഉയരുന്ന പൊടിപടലം കൊ് അവിടെയുള്ള മുഴുവൻ മനുഷ്യരുടേയും ശ്വാസകോശങ്ങൾ വ്രണപ്പെടുന്നതായും ക്യാൻസറിന് വഴിവെക്കുന്നതായും കത്തെിയിരിക്കുന്നു. പെട്രോളിന്റെയും ഡീസലിന്റെയും കാഡ്മിയം കലർന്ന പുക ക്യാൻസർ ഉണ്ട ാക്കുന്നതാണ്. ഇതിന്റെ വർദ്ധനയാവട്ടെ ഇനി പിന്നോട്ട് പോകാൻ പറ്റാത്തവിധത്തിലുമാണ്.

**അനവദ്യ ദീപു**

VIII A

## തൂലികാനാമങ്ങൾ

| | | |
|---|---|---|
| കേരളകാളിദാസൻ | - | കേരളവർമ്മ വലിയകോയിത്തമ്പുരാൻ |
| കേരളപാണിനി | - | എ.ആർ.രാജരാജവർമ്മ |
| കേരളവ്യാസൻ | - | കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| കേരള ഇബ്സൻ | - | എൻ. കൃഷ്ണപിള്ള |
| അയ്യനേത്ത് | - | ഫാ. ഉമ്മൻ അയ്യനേത്ത് |
| വാനമ്പാടി | - | മേരിജോൺ കൂത്താട്ടുകുളം |
| ഒളപ്പമണ്ണ | - | സുബ്രഹ്മണ്യൻ നമ്പൂതിരി |
| സീതാരാമൻ | - | പി. ശ്രീധരൻപിള്ള |
| മൂലൂർ | - | എസ്. പരമേശ്വരപ്പണിക്കർ |
| ശ്രീരേഖ | - | കെ. ആർ. ശ്രീധരൻ |
| സുമിത്ര | - | മങ്കൊമ്പ് ഗോപാലകൃഷ്ണൻ |
| അഭിമന്യം | - | എൻ. പി. രാജശേഖരൻ |
| പി. സി. എറികാട് | - | പി.സി.ചാക്കോ |
| ചെറുകാട് | - | സി. ഗോവിന്ദപ്പിഷാരടി |
| ശത്രുഘ്നൻ | - | വി. ഗോവിന്ദൻകുട്ടി മേനോൻ |
| തിക്കൊടിയൻ | - | പി. കുഞ്ഞനന്തൻ നായർ |
| നന്തനാർ | - | പി. സി. ഗോപാലൻ |
| വിലാസിനി | - | എം. കെ. മേനോൻ |

## ക്വിസ്

1. ഉമാകേരളത്തിലെ ഇതിവൃത്തം?

   ചരിത്രപദം

2. ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്?

   പി. സി. കുട്ടികൃഷ്ണൻ

3. ശ്രീകൃഷ്ണചരിത്രത്തെ ആസ്പദമാക്കി മലയാളത്തിലുായ ആദ്യത്തെ മഹാകാവ്യം?

   ശ്രീകൃഷ്ണകർണ്ണാമൃതം

4. ആട്ടക്കഥാ സാഹിത്യത്തിന്റെ ഉപജ്ഞാതാവ് ?

   കൊട്ടാരക്കര തമ്പുരാൻ

5. കേരളത്തിലെ ആദ്യത്തെ സാഹിത്യസമാജം?

   കവിസമാജം

6. നാരായണീയത്തിന്റെ കർത്താവ്?

മേല്പത്തൂർ

7. വൈത്തിപ്പട്ടർ എന്ന കഥാപാത്രത്തെ ചിത്രീകരിച്ചിട്ടുള്ള നോവൽ?

ശാരദ

8. ആദ്യത്തെ ജ്ഞാനപീഠം അവാർഡ് നേടിയ കൃതി?

ഓടക്കുഴൽ (ജി. ശങ്കരക്കുറുപ്പ്)

9. സ്നേഹഗായകൻ എന്ന വിശേഷിപ്പിക്കുന്നത് ആരെയാണ്?

ആശാൻ

10. ചിന്താവിഷ്ടയായ സീത സംസ്കൃതത്തിലേക്ക് തർജ്ജമ ചെയ്ത കവി?

എൻ. ഗോപാലപിള്ള

## ശാസ്ത്രക്വിസ്

1. കരൾ ഉൽപാദിപ്പിക്കുന്ന രസം?

പിത്തരസം

2. എല്ലുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ?

ഓസ്റ്റിയോളജി

3. ദേശീയ ശാസ്ത്രദിനം?

ഫെബ്രുവരി 28

4. ഹരിതകത്തിൽ അടങ്ങിയിരിക്കുന്ന മൂലകം?

മഗ്നീഷ്യം

5. സ്വർണ്ണം ലയിക്കുന്ന ലായനി?

അക്വാറീജിയ

6. കൂണിൽ അടങ്ങിയിരിക്കുന്ന പോഷകഘടകം?

പ്രോട്ടീൻ

7. ജൈവഘടികാരം എന്നറിയപ്പെടുന്നത്?

പീനിയൽ ഗ്രന്ഥി

8. ആറ്റത്തിന്റെ കേന്ദ്രം ?

ന്യൂക്ലിയസ്സ്

**ആദിത്യ എസ്. സുനിൽ**

VII A

## സാഹിത്യക്വിസ്

1. മലയാള ഭാഷയുടെ പിതാവാര്?

    തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

2. ഗർഭശ്രീമാൻ എന്ന പേരിൽ അറിയപ്പെടുന്നതാര്?

    സ്വാതി തിരുന്നാൾ

3. ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?

    ഉമാകേരളം

4. എസ്. കെ. പൊറ്റക്കാടിന്റെ പൂർണ്ണനാമം എത്?

    ശങ്കരൻകുട്ടി പൊറ്റക്കാട്

5. ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണം ഏത്?

    രാജ്യസമാചാരം, 1847

6. സി. വി. രചിച്ച സാമൂഹ്യനോവൽ ഏത്?

    പ്രേമാമൃതം

7. കുമാരനാശാന്റെ വീണപൂവ് പ്രസിദ്ധീകരിച്ച വർഷം ഏത്?

    1908

8. അമ്പലമണി എന്ന കൃതിയുടെ രചയിതാവ് ആര്?

    സുഗതകുമാരി

**ആദിത്യ എസ്. സുനിൽ**

VII A

## ക്വിസ്

1. ഏഷ്യയുടെ പ്രകാശം എന്നറിയപ്പെടുന്നതാര്?

    ശ്രീബുദ്ധൻ

2. ഇന്ത്യയിൽ റെയിൽവേ സമ്പ്രദായം ആരംഭിച്ചതാര്?

    ഡൽഹൗസി പ്രഭു

3. ശ്രീബുദ്ധൻ ജീവിച്ചിരുന്ന കാലഘട്ടം?

    ബി. സി. 567 - 487

4. ചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാരെ?

    ഹെറഡോട്ടസ്

5. മഹാകാവ്യം എഴുതാതെ മഹാകവി ആയതാര്?

കുമാരനാശാൻ

6. സാഞ്ചി ബുദ്ധസ്തൂപം എവിടെയാണ്?

മദ്ധ്യപ്രദേശ്

7. മലമ്പനിക്ക് കാരണം എന്ത്?

പ്ലാസ്മോഡിയം വൈവാക്സ്

8. രോഗാണു വാദത്തിന്റെ ഉപജ്ഞാതാവ്?

ലൂയി പാസ്റ്റർ

9. സുഭാഷ് ചന്ദ്രബോസിനെ നേതാജി എന്ന് സംബോധന ചെയ്തതാര്?

ഗാന്ധിജി

10. ഭൂമിയിൽ ജീവന് അടിസ്ഥാനമായ മൂലകം ഏത്?

കാർബൺ

11. ഏറ്റവു പുരാതനമായ മതം ഏത്?

ഹിന്ദുമതം

12. പ്രകൃതി ജലത്തിൽ ഏറ്റവും ശുദ്ധമായതേത്?

മഴവെള്ളം

13. സ്വർണ്ണത്തരികൾ ധാരാളമായി കണ്ടെത്തിയ കേരളത്തിലെ നദി ഏത്?

നിലമ്പൂർ

14. എമു എന്ന പക്ഷി ഏത് രാജ്യത്തുള്ളതാണ്?

ആസ്ട്രേലിയ

15. ചിങ്കേരി മലകൾ ഏത് ജില്ലയിലാണ്?

വയനാട്

**വിജയലക്ഷ്മി. ജെ** VIII A

# ക്വിസ്

1. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ആദ്യത്തെ ചൊവ്വാ ദൗത്യത്തിന്റെ പേരെന്ത്?

മംഗൾയാൻ

2. ഏഷ്യൻ ഗെയിംസിന് പേര് നൽകിയത് ആര്?

ജവഹർലാൽ നെഹ്റു

3. ആദ്യത്തെ ഏഷ്യൻ ഗെയിംസ് എവിടെയാണ് നടന്നത്?

ഡൽഹി

4. നമ്മുടെ കേരളം നിലവിൽ വന്നത്?

01 നവംബർ 1956

5. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ജില്ല?

ആലപ്പുഴ

6. ഗാന്ധിജിയുടെ രാഷ്ട്രീയഗുരു?

ഗോപാലകൃഷ്ണഗോഖലെ

7. ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെടുന്നതാര്?

സമുദ്രഗുപ്തൻ

8. ഇന്ത്യയിലൂടെയും പാക്കിസ്ഥാനിലൂടെയും ഒഴുകി അറബിക്കടലിൽ പതിക്കുന്ന നദിയേത്?

സിന്ധുനദി

**സാന്ദ്രാ.എസ്.നായർ VI A**

## ക്വിസ്

ഡോക്ടർ സലീം അലിയുടെ പ്രധാന കൃതികൾ?

ദ ബുക്ക് ഓഫ് ഇന്ത്യൻ ബേർഡ്സ്, ദ ബേർഡ് ഓഫ് കച്ച്, ഇന്ത്യൻ ഹിൽ ബേർഡ്സ്, ദ ബേർഡ്സ് ഓഫ് ട്രാവൽ

അഗതികളുടെ അമ്മ ആര്?

മദർതെരേസ

കേരളത്തിലെ ആദ്യത്തെ തേക്കിൻ തോട്ടം എവിടെ?

നിലമ്പൂർ

തെൻമല ഏത് ജില്ലയിലാണ്?

കൊല്ലം

കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം

ശാസ്താംകോട്ട

സൈലന്റ് വാലി ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത് ?

പാലക്കാട്

റബ്ബർ മരത്തിന്റെ ജന്മനാട്?

ബ്രസീൽ

**പൂജാ സുരേഷ്**

## വിദ്യാരംഗം ക്വിസ്

1. അന്തർദേശീയ അധ്യാപകദിനം?

ഒക്ടോബർ 5

2. ദേശീയ അധ്യാപകദിനം?

സെപ്തംബർ 5

3. അസമിന്റെ ദുഃഖം

ബ്രഹ്മപുത്ര

4. ബംഗാളിന്റെ ദുഃഖം?

ദാമോദർ നദി

5. അറബിക്കടലിന്റെ റാണി ?

കൊച്ചി

6. ആടുകളിലെ റാണി?

ജമന്യാപ്യാരി

7. അഗ്രോണമി എന്താണ്?

ധാന്യപഠനം

8. അഗ്രോളജി എന്താണ്?

മണ്ണിനേയും കൃഷിരീതികളേയും പറ്റിയുള്ള പഠനം

9.അമർജ്യോതി സ്ഥിതി ചെയ്യുന്നതെവിടെ?

അമൃത്സർ

10. അമർജവാൻ സ്ഥിതി ചെയ്യുന്നതെവിടെ?

ഡൽഹി

11. ആദ്യമായി പ്രസിഡന്റിന്റെ സ്വർണ്ണമെഡൽ നേടിയ മലയാള ചിത്രം?

ചെമ്മീൻ

12. കേരളത്തിലെ നെല്ലറ

കുട്ടനാട്

13. തമിഴ്നാടിന്റെ നെല്ലറ

തഞ്ചാവൂർ

14. കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ ബ്ലോക്ക് പഞ്ചായത്ത്?

മഞ്ചേശ്വരം

15. ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്ന ദിവസം?

1919 ഏപ്രിൽ 13

16. ചേരരാജക്കാൻമാരുടെ ആസ്ഥാനം?

വഞ്ചി

17. നീലഗ്രഹം എന്നറിയപ്പെടുന്നത് ആരെ?

ഭൂമി

18. ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നത്?

ബേസുകൾ

19. ദേശീയ കർഷകദിനം?

ഡിസംബർ 23

20. കേരളീയ കർഷകദിനം? ചിങ്ങം 1

**ലക്ഷ്മി എസ്. ആർ**

VI A

Kerala Infrastructure and Technology for Education

little KITEs

# ലിറ്റിൽ കൈറ്റ്സ്

## ഐ. ടി. ക്ലബ്ബ്

നമ്പർ . **LK/2018/42018**

## ഗവ.ഹയർ സെക്കന്ററി സ്കൂൾ, കാപ്പിൽ

വർക്കല, ആറ്റിങ്ങൽ, തിരുവനന്തപുരം

0470 2661877